"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2025-26 - പാലക്കാട് ഒറ്റപ്പാലം നിയോജകമണ്ഡലം -ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് -**'ഒറ്റപ്പാലം മണ്ഡലത്തിലെ തണ്ണീർപന്തൽ തുമ്പക്കണ്ണി റോഡ്"** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.558/2026/LSGD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1) 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.01.2026-ലെ LSGD/PD/36156/2025-EW6-നമ്പർ കത്ത്

ഉത്തരവ്

2025-26 -ലെ ബഡ്ജറ്റ് പ്രൊപോസൽ അനുബന്ധം II, വാല്യം II, ക്രമ നം. 300 ആയി ഉൾപ്പെടുത്തിയ പാലക്കാട് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ **'ഒറ്റപ്പാലം മണ്ഡലത്തിലെ തണ്ണീർപന്തൽ തുമ്പക്കണ്ണി റോഡ്"** എന്ന പ്രവൃത്തിക്ക് 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി, 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒറ്റപ്പാലം നിയോജക മണ്ഡലം എം.എൽ.എ. ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ P.M.C.-വ്യവസ്ഥയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ സെൻറജ് നിരക്കായ 4.8 % രേഖപ്പെടുത്തിയ M/S K.E.L.- മാമല കൊച്ചി സമർപ്പിച്ച D.P.R.-ന്മേൽ ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ.300 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ **'ഒറ്റപ്പാലം മണ്ഡലത്തിലെ തണ്ണീർപന്തൽ തുമ്പക്കണ്ണി റോഡ്"** പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5.2 & 6 എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതിക്ക് 100 ലക്ഷം രൂപയുടെ (നൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)**-എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

4) ധനകാര്യ വകുപ്പ്.(E:3400029/DEV-3/25/2026-Fin dated 20.02.2026) (AS/LGD/25/49182)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

7) കരുതൽ ഫയൽ. (DB2/78/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 02-03-2026 17:24:07